# ദൈവസാന്നിധ്യത്താലുള്ള ജയം

## സങ്കീർത്തനങ്ങൾ 73:17

**"ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിൽ ചെന്നു അവരുടെ അന്തം എന്താകും എന്നു ചിന്തിച്ചു."**

പ്രശ്നങ്ങൾ നിറഞ്ഞ ലോകത്തിൽ പ്രശ്നങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന് ഒരു ദൈവപൈതൽ തീർച്ചയായും പഠിച്ചിരിക്കേണ്ടതാണ്. കഷ്ടങ്ങളുടെ നടുവിൽ വീണു പോയ അനേകരുടെ ചരിത്രം നമുക്ക് അറിയാം. വെല്ലുവിളികളെയും, പോരാട്ടങ്ങളെയും എങ്ങനെ ദൈവസാന്നിധ്യം കൊണ്ട് ജയിക്കാം എന്ന് ആസാഫ് 73–ാം സങ്കീർത്തന ത്തിലൂടെ പഠിപ്പിക്കുന്നു.

ആസാഫ് തന്റെ ജീവിതത്തിൽ അനേക പ്രശ്നങ്ങളെ അഭിമുഖീകരിച്ചിരുന്നതായ ഒരു വ്യക്തി ആയിരുന്നു. യിസ്രായേലിനു ദൈവം നിശ്ചയമായും നല്ലവനാകുന്നു എന്ന ഉറച്ച ബോധ്യം അവന് ജീവിതയാത്രയിൽ ബലം നൽകി. എന്നാൽ 73:2 വാക്യത്തിൽ തന്റെ കാലുകൾ ഇടറിപ്പോയി എന്ന് പറയുന്നു. കാരണം ലോകത്തിൽ സമ്പത്തു വർദ്ധിച്ചപ്പോൾ ദൈവത്തെയും മനുഷ്യരെയും മനഃപൂർവ്വം നിന്ദിക്കുന്ന ദുഷ്ടനുണ്ടാകുന്ന പുരോഗതി ആസാഫിനെ അല്പം ആകുലനാക്കി. തന്റെ ഹൃദയത്തെ ശുദ്ധീകരിച്ചതും, കുറ്റമില്ലായ്ക യിൽ തന്റെ കരങ്ങളെ കഴുകിയതും, എന്നിട്ടും നിരന്തരമായി താൻ ബാധിക്കപ്പെടുകയും പ്രഭാതം തോറും ദണ്ഡിക്കപ്പെടുകയും ചെയ്യുന്ന അവന്റെ സാഹചര്യം ആസാഫിന്റെ വിശ്വാസത്തിൻമേൽ ചെറിയ ഒരു കോട്ടം തട്ടാൻ ഇടയാക്കി. ആകസ്മികമായ വികാര ക്ഷോഭം അവനെ പരാജിതനാക്കിയില്ല. ഒടുവിൽ ഓടിയെത്തേണ്ടിടത്ത് താൻ എത്തി, അവന്റെ സകല പ്രശ്നങ്ങൾക്കും, സംശയങ്ങൾക്കും ഉള്ള മറുപടിയും ലഭിച്ചു. ദൈവീക സാന്നിധ്യത്തിന്റെ അനുഗ്രഹം എത്ര വിശേഷപ്പെട്ടതാകുന്നു.

ഇന്നും, ലോകത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ ഏറെക്കുറെ സ്ഥിതി വ്യത്യാസമില്ല. ദൈവത്തെ യഥാർത്ഥമായി പിൻപറ്റുകയും, അതിനായി ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തികളുടെ ജീവിതത്തിൽ കഷ്ടങ്ങളും, ശോധനകളും അടിക്കടി കടന്നുവരുന്നു. ആസാഫിനെപ്പോലെ പലപ്പോഴും നമ്മുടെ വിശ്വാസം ചോദ്യം ചെയ്യപ്പെടുന്ന അനുഭവ ങ്ങൾ നിരവധി ആകുന്നു. എന്നാൽ പെട്ടെന്നുണ്ടായ വികാരക്ഷോഭം, വിശുദ്ധമന്ദിരത്തി ലേക്ക് ഓടി അടുക്കാൻ ആസാഫിനെപ്പോലെ, വിശ്വാസിക്കും സാധിക്കണം. അവിടെയാകുന്നു നമ്മുടെ ജയം.

ലോകത്തിലുള്ള സകല പുരോഗതിയും താല്ക്കാലികം മാത്രം എന്നും, വിശുദ്ധൻമാരുടെ കഷ്ടതയുടെ തീവ്രതയ്ക്ക് വ്യതിയാനങ്ങൾ ഉണ്ടങ്കിലും തമ്പുരാൻ എന്നേക്കും നല്ലവൻ എന്നുള്ള ദൃഢവിശ്വാസം അവന്റെ വിശുദ്ധമന്ദിരത്തിൽ നിന്നും ലഭിക്കും. അവന്റെ മന്ദിര ത്തിൽ ദൈവീകവെളിച്ചമുണ്ട്. പ്രശ്നങ്ങളിൽ അത്യുന്നതൻ അവിടെ പ്രകാശിക്കും. സകല ഭാരങ്ങളെയും ഉള്ള അവസ്ഥയിൽ അപ്പോൾ കാണുവാൻ കഴിയും. ദൈവാത്മാ വിന്റെ അതിൻമേലുള്ള പ്രവർത്തനവും, ആലോചനയും നടത്തിപ്പും വിശ്വാസിക്ക് ലഭിക്കും. അത് ഭക്തന്റെ മുന്നോട്ടുള്ള ജീവിതത്തിന് പ്രത്യാശയും ബലവും വർദ്ധിപ്പിക്കും.

പ്രശ്നങ്ങളുടെ മുമ്പിൽ പതറിപ്പോകാതെ ആസാഫിനെപ്പോലെ, അവന്റെ വിശുദ്ധ മന്ദിര ത്തിലേക്കു തന്നെ നമുക്ക് ഓടി അടുക്കാൻ എല്ലായ്പ്പോഴും ഇടയാകട്ടെ. അത്യുന്നതൻ എന്റെ വലങ്കൈ പിടിച്ചിരിക്കുന്നു, അവന്റെ ആലോചനയാൽ എന്നെ നടത്തുന്നു. പിന്ന ത്തേതിൽ മഹത്വത്തിലേക്ക് എന്നെ കൈക്കൊള്ളും. ഇത്ര വലിയ ഭാഗ്യം മറ്റെന്തുണ്ട്. എന്നാൽ അത് ഭാഗ്യമായി, അനുഗ്രഹമായി, നന്മയായി ഏറ്റെടുക്കണമെങ്കിൽ ഒരു വിശ്വാസി ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും ദൈവീകസാന്നിധ്യത്തിനായി അവന്റെ വിശുദ്ധമായ ആലയത്തിലേക്ക് ഓടി അടുത്തേ മതിയാകൂ. അതെ, ദൈവസാന്നി ധ്യമാണ് സ്വർഗ്ഗം സ്വർഗ്ഗമാക്കുന്നത്. ദൈവം ഇല്ലെങ്കിൽ ഒന്നുമില്ല - വിശുദ്ധിയില്ല, ജീവിതമില്ല, സന്തോഷമില്ല - മഹത്വമില്ല. ധനവും, സ്വർണ്ണതെരുവീഥിയുംപോലും വ്യർത്ഥം. ദൈവത്തിൽ ശരണം കണ്ടെത്തുന്ന ബുദ്ധിമാനായി അവനിൽ ആശ്രയിച്ച്, ആസാഫിനെപ്പോലെ ജീവിക്കാൻ നാം ഓരോരുത്തർക്കും ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം.

പരാമർശം :
പുറപ്പാടു 33:14

അതിന്നു അവൻ: എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും; ഞാൻ നിനക്കു സ്വസ്ഥത നല്കും എന്നു അരുളിച്ചെയ്തു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 055**